(ഡി) എങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഇ) കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കുന്ന എൻ.എച്ച്.വികസന പദ്ധതികൾ സമയബന്ധിതമായി സംസ്ഥാനത്ത് നടപ്പാക്കുവാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

മരാമത്ത് വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ) നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ (എൻ.എച്ച്.എ.ഐ) വഴി കേന്ദ്ര ഗവൺമെന്റ് നടപ്പാക്കിവരുന്ന കൊച്ചി-സേലം റോഡ് വികസനത്തിന് ആവശ്യമായ സ്ഥലമെടുപ്പ്, യൂട്ടിലിറ്റീസ് മാറ്റി സ്ഥാപിക്കൽ തുടങ്ങിയ കാര്യങ്ങളിൽ സംസ്ഥാന ഗവൺമെന്റ് ആവശ്യമായ സഹായം നൽകുന്നുണ്ട്.

(ബി&സി) ആലുവ-അങ്കമാലി ഭാഗത്ത് ഭൂമി എടുക്കുന്നതിലും യൂട്ടിലിറ്റി മാറ്റുന്നതിലും മറ്റുമുള്ള ബുദ്ധിമുട്ടുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി&ഇ) മേൽപ്പറഞ്ഞ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി (എൻ.എച്ച്.എ.ഐ) നടപ്പാക്കുന്ന പദ്ധതികളുടെ സംസ്ഥാനതല നോഡൽ ഓഫീസർ ആയിട്ട് അഡീഷണൽ ചീഫ് സെക്രട്ടറിയെ സമീപകാലത്ത് ഗവൺമെന്റ് നോമിനേറ്റ് ചെയ്തിട്ടുണ്ട്. നോഡൽ ഓഫീസർ കുറഞ്ഞത് മാസത്തിൽ ഒരു അവലോകനയോഗം സംസ്ഥാന ഗവൺമെന്റിലെ ബന്ധപ്പെട്ട വകുപ്പുകളും എൻ.എച്ച്.എ.ഐ പ്രോജക്ട് ഡയറക്ടർമാരുമായും നടത്തുന്നതിനും പ്രശ്നങ്ങൾ പരിഹരിച്ച് പദ്ധതി പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകുന്നതിനും വേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്.

നിയമ പരിഷ്ക്കരണ കമ്മീഷൻ

29 (*296) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ നിയമിച്ച നിയമ പരിഷ്ക്കരണ കമ്മീഷന്റെ റിപ്പോർട്ട് പ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത റിപ്പോർട്ടിൽ എത്ര നിയമങ്ങളാണ് കാലഹരണപ്പെട്ട തെന്നാണ് കമ്മീഷൻ കണ്ടെത്തിയത് ; ആയതിനുപകരം പുതിയ നിയമങ്ങൾക്ക് രൂപം നൽകിയിട്ടുണ്ടോ ;

(സി) ഇതിൻ പ്രകാരം എത്ര പുതിയ നിയമങ്ങൾക്കാണ് രൂപം നൽകിയിട്ടുള്ളത്; അവ എന്നത്തേക്ക് നടപ്പിൽ വരുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) 2002 നവംബർ മാസം മുപ്പതാം തീയതി നിയമപരിഷ്ക്കരണ കമ്മിറ്റി അതിന്റെ ഒന്നാം റിപ്പോർട്ട് മുഖ്യമന്ത്രിക്ക് സമർപ്പിച്ചിരുന്നു. റിപ്പോർട്ട് പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) നിയമപരിഷ്ക്കരണ കമ്മിറ്റി സമർപ്പിച്ച അതിന്റെ ഒന്നാം റിപ്പോർട്ടിൽ കാലഹരണപ്പെട്ട 102 നിയമങ്ങളും 595 ഭേദഗതി നിയമങ്ങളും ഉൾപ്പെടെ ആകെ 697 നിയമങ്ങൾ നിയമപുസ്തകത്തിൽ നിന്നും ഒഴിവാക്കപ്പെടേണ്ടതാണെന്ന് സർക്കാരിനോട് ശുപാർശ ചെയ്തിരുന്നു. കാലഹരണപ്പെട്ട നിയമങ്ങൾക്ക് പകരം സംസ്ഥാനത്തിന്റെ വികസനം ലക്ഷ്യമാക്കി നിക്ഷേപ സൗഹൃദവും വികസന സൗഹൃദവുമായ പല കരട് ബില്ലുകൾ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) നിക്ഷേപ സൗഹൃദവും വികസന സൗഹൃദവുമായ 16 പുതിയ നിയമങ്ങളുടേയും 9 ഭേദഗതി നിയമങ്ങളുടേയും കരട് ബില്ലുകൾ കമ്മിറ്റി തയ്യാറാക്കി റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരുന്ന കരട് ബില്ലുകൾ കഴിയുന്നതും വേഗം സഭയുടെ പരിഗണനയ്ക്ക് വരുന്നതാണ്.

ഏകീകൃത ഭൂപരിധി നിയന്ത്രണനിയമം

30 (*297) ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ നിലവിലുള്ള ഭൂനിയമമനുസരിച്ച് ഏതെല്ലാം കാർഷികവിളകളെയാണ് ഭൂപരിധി നിയമത്തിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത് ;

(ബി) ഇപ്രകാരം ഭൂപരിധി നിയമത്തിൽനിന്നും ഒഴിവാക്കിയിട്ടുള്ള കർഷകർ അവരുടെ വരുമാനമനുസരിച്ച് ആദായ നികുതി നൽകുവാൻ ബാധ്യസ്ഥരാണോ ; ആണെങ്കിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഇപ്രകാരം എത്ര തുക സർക്കാരിലേയ്ക്ക് ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) ഏതെങ്കിലും പുതിയ കാർഷികവിള കൃഷിചെയ്യുന്ന ഭൂമിയെ ഭൂപരിധി നിയമത്തിൽ നിന്നും ഒഴിവാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ ;

(ഡി) കേരളത്തിൽ എല്ലാ കാർഷികവിളകളും കൃഷി ചെയ്യുന്ന ഭൂമിയ്ക്കും ഏകീകൃത രൂപത്തിലുള്ള ഒരു ഭൂപരിധി നിയന്ത്രണ നിയമം നടപ്പാക്കുവാൻ തയ്യാറാകുമോ ;

LIBRARY ARCHIVES Kerala Legislative Assembly